# Virtual meeting between Prime Minister Shri Narendra Modi and President of USA His Excellency Mr. Joseph R. Biden

April 11, 2022

## പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ജോസഫ് ആർ ബൈഡനും വെർച്വൽ കൂടിക്കാഴ്ച നടത്തി

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ജോസഫ് ആർ. ബൈഡനും ഇന്ന് വെർച്വൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-യുഎസ് 2+2 മന്ത്രിതലസംഭാഷണത്തിനായി വാഷിങ്ടൺ ഡിസിയിലുള്ള രാജ്യരക്ഷാ മന്ത്രി ശ്രീ രാജ്‌നാഥ് സിങ്ങും വിദേശകാര്യമന്ത്രി ഡോ. എസ്. ജയശങ്കറും വൈറ്റ് ഹൗസിൽ നിന്ന് സംവാദത്തിൽ പങ്കെടുത്തു. യുഎസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ, സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ എന്നിവരും ഒപ്പമുണ്ടായിരുന്നു.

കോവിഡ് മഹാമാരി, ആഗോള സാമ്പത്തികമേഖലയടെ പുനരുജ്ജീവനം, കാലാവസ്ഥാപ്രവർത്തനം, ദക്ഷിണേഷ്യയിലെയും ഇന്തോ-പസഫിക് മേഖലയിലെയും സമീപകാല സംഭവവികാസങ്ങൾ, യുക്രെയ്നിലെ സ്ഥിതിഗതികൾ തുടങ്ങി നിരവധി പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുനേതാക്കളും കാഴ്ചപ്പാടുകൾ പങ്കിട്ടു.

ഉഭയകക്ഷിബന്ധത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ കൈവരിച്ച പുരോഗതിയും അവർ വിലയിരുത്തി.

ഇന്ത്യ-യുഎസ് സമഗ്ര ആഗോള നയപങ്കാളിത്തത്തിനു കൂടുതൽ കരുത്തുപകരുന്നത് ഇരുരാജ്യങ്ങൾക്കും വലിയതോതിൽ പ്രയോജനപ്പെടുമെന്നും ആഗോളസമാധാനത്തിനും സമൃദ്ധിക്കും സ്ഥിരതയ്ക്കുമായി കഴിയുന്നത്ര കാര്യങ്ങൾ ചെയ്യുമെന്നും ഇരുനേതാക്കളും വ്യക്തമാക്കി.

ന്യൂഡല് ഹി

ഏപ്രിൽ 11, 2022

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.